പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 258

# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (3-ാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 258

# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ

## 1974-ലെ കേരള സർവ്വകലാശാല ആക്റ്റും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും 2005-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള സർവ്വകലാശാല ആക്റ്റും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും 2005-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റും ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 4-ാം വകുപ്പിന്റെ (എ) ഖണ്ഡം 2013 സെപ്റ്റംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 3-ാം വകുപ്പിന്റെ (ബി)യും (സി)യും ഖണ്ഡങ്ങളും, 2-ാം വകുപ്പും, 4-ാം വകുപ്പിന്റെ (ബി) ഖണ്ഡവും 5 മുതൽ 7 വരെയുള്ള വകുപ്പുകളും 2013 സെപ്റ്റംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 1974-ലെ 17-ാം ആക്റ്റിന്റെ ഭേദഗതി.—1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17), 6-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതുസമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.".

3. 1975-ലെ 5-ാം ആക്റ്റിന്റെ ഭേദഗതി.—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5),—

(എ) 6-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതു സമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.";

(ബി) 17-ാം വകുപ്പിൽ, "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ, (5)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(5) ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറിൽ കവിയാത്ത അംഗങ്ങൾ, അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതും ഒരാൾ പട്ടികജാതികളിൽനിന്നോ പട്ടികഗോത്രവർഗ്ഗങ്ങളിൽ നിന്നോ ആയിരിക്കേണ്ടതു മാണ്.";

(സി) 18-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന്, മൂന്നാം ക്ലിപ്ത നിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുതന്നെയുമല്ല, "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ ചാൻസലറോ സർക്കാരോ നാമനിർദ്ദേശംചെയ്ത സെനറ്റിലെ അംഗങ്ങൾ, അതതു സംഗതിപോലെ, ചാൻസലർക്കോ സർക്കാരിനോ ഇഷ്ടമുള്ളിടത്തോളംകാലം അവരുടെ ഉദ്യോഗം വഹിക്കേണ്ടതാണ്.".

4. 1985-ലെ 12-ാം ആക്റ്റിന്റെ ഭേദഗതി.—1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12),—

(എ) 11-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) പ്രോ-വൈസ് ചാൻസലർ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതിമുതൽ നാലു വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.";

(ബി) 78-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"78. നിയമനങ്ങളുടെ സംവരണം.—അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതുസമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.".

5. 1994-ലെ 5-ാം ആക്റ്റിന്റെ ഭേദഗതി.—1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5), 32-ാം വകുപ്പിനുപകരം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"32. നിയമനങ്ങളുടെ സംവരണം.—അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതുസമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.".

6. 2005-ലെ 27-ാം ആക്റ്റിന്റെ ഭേദഗതി.—2005-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിൽ (2005-ലെ 27), 4-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതുസമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.".

7. പ്രത്യേക വ്യവസ്ഥ.—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസിന്റെ (2013-ലെ 48) പ്രാരംഭ തീയതിയിൽ, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലെ 17-ാം വകുപ്പിലെ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള (5)-ാം ഇനപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട് ഉദ്യോഗം വഹിക്കുന്ന നിലവിലുള്ള അംഗങ്ങൾ ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം അവരുടെ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2013-ലെ 47), 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2013-ലെ 48), 2013-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 49) എന്നിവ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ്, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ്, 1974-ലെ കേരള സർവ്വകലാശാല ആക്റ്റ്, 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റ്, 2005-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റ് എന്നിവയുടെ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രസ്തുത ആക്റ്റുകളിൻകീഴിൽ യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിലെ (1985-ലെ 12) 11-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ, വൈസ്ചാൻസലറുടെ നിയമന കാലാവധി അവസാനിക്കുന്നതോടൊപ്പം പ്രോ-വൈസ് ചാൻസലറുടേതും അവസാനിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, പ്രോ-വൈസ് ചാൻസലർ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലുവർഷക്കാലം ഉദ്യോഗം വഹിക്കുന്നതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ് എന്ന് പ്രോ-വൈസ് ചാൻസലറുടെ നിയമനം സംബന്ധിച്ച് 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലും (1974-ലെ 17), 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലും (1975-ലെ 5), 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലും (1986-ലെ 31), 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലും (1996-ലെ 22) വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ, പ്രോ-വൈസ് ചാൻസലറുടെ ഔദ്യോഗിക കാലാവധി സംബന്ധിച്ച മറ്റ് സർവ്വകലാശാല ആക്റ്റുകളിലെ വ്യവസ്ഥകൾക്ക് സമാനമാകുന്ന രീതിയിൽ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിന്റെ (1985-ലെ 12) 11-ാം വകുപ്പ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

2. 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെ (1975-ലെ 5), 17-ാം വകുപ്പിലെ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിലെ (5)-ാം ഇനത്തിൽ, വിവരസാങ്കേതിക ജൈവ-സാങ്കേതികവിദ്യാരംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാലിൽ കവിയാത്ത വിദഗ്ദ്ധർ സെനറ്റിൽ ഉണ്ടായിരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് വിവരസാങ്കേതിക ജൈവ-സാങ്കേതികമേഖല മാത്രം മതിയാവുകയില്ല എന്ന് സർക്കാർ കരുതുന്നു. ആയതിനാൽ, വിവരസാങ്കേതിക ജൈവ-സാങ്കേതികവിദ്യക്കുപകരം ഉന്നതവിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിലെ പലതരം വിദഗ്ദ്ധർ സർവ്വകലാശാലകളിലെ സെനറ്റുകളിൽ ഉൾപ്പെട്ടുവരേണ്ടതാണ്. കൂടാതെ, വിദ്യാർത്ഥി മണ്ഡലത്തിലെ ഒരെണ്ണമൊഴികെ വനിതാ അംഗത്തിന് പ്രാതിനിധ്യം നൽകിയിട്ടില്ലാത്തതും നിയമസഭാമണ്ഡലത്തിലെ ഒരെണ്ണമൊഴികെ പട്ടികജാതിക്കോ പട്ടികഗോത്രവർഗ്ഗത്തിനോ പ്രാതിനിധ്യം നൽകിയിട്ടില്ലാത്തതുമാകുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽനിന്നുള്ള അംഗങ്ങൾ സെനറ്റിൽ വേണ്ടത്ര പ്രതിനിധീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ, സെനറ്റിലെ "മറ്റ് അംഗങ്ങൾ"-ൽ ആ രംഗത്ത് നിന്നുള്ള അംഗങ്ങളെക്കൂടി ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്. ആയതിനാൽ, വനിതകൾക്കും പട്ടികജാതിക്കാർക്കോ പട്ടികഗോത്രവർഗ്ഗക്കാർക്കോകൂടി പ്രാതിനിധ്യം നൽകിക്കൊണ്ട്

ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള ആറംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിന് സർക്കാരിനെ പര്യാപ്തമാക്കുംവിധം പ്രസ്തുത വ്യവസ്ഥയ്ക്കുപകരം ഒരു വ്യവസ്ഥ ചേർക്കുന്നതിന് സർക്കാർ തീരുമാനിച്ചു. സെനറ്റിലെ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്ക്, അതതുസംഗതിപോലെ, ചാൻസലർക്കോ സർക്കാരിനോ, ഇഷ്ടമുള്ളിടത്തോളം കാലം അവരുടെ ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിനായി പ്രസ്തുത ആക്റ്റിലെ 18-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിന് നാലാമതൊരു ക്ലിപ്ത നിബന്ധന ചേർക്കുവാനും സർക്കാർ തീരുമാനിച്ചു. ആയതിനാൽ, മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ് (1975-ലെ 5) ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതുന്നു.

3. സംസ്ഥാനത്തെ സർവ്വകലാശാല ആക്റ്റുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഏകീകൃതമല്ല. ആയതിനാൽ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ വ്യത്യസ്ത സംവരണ തത്വങ്ങളും സാമുദായികക്രമവുമാണ് പിൻതുടർന്നുവരുന്നത്. സംവരണത്തിനായി കാറ്റഗറിതിരിച്ചുള്ള തസ്തികകൾ എങ്ങനെ പരിഗണിക്കണം, അതായത് ഓരോ പഠന വകുപ്പുകളായാണോ അല്ലെങ്കിൽ പഠനവകുപ്പുകൾ മൊത്തത്തിലുമായാണോ പരിഗണി ക്കേണ്ടത്, എന്നത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകളില്ല. 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെ (1974-ലെ 17) 6-ാം വകുപ്പിലും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെ (1975-ലെ 5) 6-ാം വകുപ്പിലും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിന്റെ (1985-ലെ 12) 78-ാം വകുപ്പിലും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിന്റെ (1994-ലെ 5) 32-ാം വകുപ്പിലും 2005-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിന്റെ (2005-ലെ 27) 4-ാം വകുപ്പിലും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനത്തിനായുള്ള സംവരണതത്വങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ അവ്യക്തവും വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് ഇടവരുത്തുന്നതുമാണ്. എന്നാൽ, സംവരണവും സാമുദായികക്രമവും സംബന്ധിച്ച് 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലെ (1996-ലെ 22) 6-ാം വകുപ്പിലെ വ്യവസ്ഥകൾ കൂടുതൽ വ്യക്തമാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ, സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ സംവരണവും സാമുദായിക ക്രമവും സംബന്ധിച്ച് ഒരു ഏകീകൃത വ്യവസ്ഥ കൊണ്ടുവരേണ്ടത് ആവശ്യമാണെന്നും എല്ലാ വകുപ്പുകളും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറിതിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണെന്ന് സർക്കാർ കരുതുന്നു. ഇതിനായി 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലെ വ്യവസ്ഥയ്ക്കനുസൃതമായി പ്രസ്തുത സർവ്വകലാശാല ആക്റ്റുകൾ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2013-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2013-ലെ 47), 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2013-ലെ 48), 2013-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 49) എന്നിവ

യഥാക്രമം 2013 സെപ്റ്റംബർ 8-ാം തീയതിയിലും 2013 സെപ്റ്റംബർ 16-ാം തീയതിയിലും 2013 സെപ്റ്റംബർ 17-ാം തീയതിയിലും ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2013 സെപ്റ്റംബർ 9-ാം തീയതിയിലെ 2641-ാം നമ്പർ കേരള അസാധാരണ ഗസറ്റിലും 2013 സെപ്റ്റംബർ 19-ാം തീയതിയിലെ 2731-ാം നമ്പർ കേരള അസാധാരണ ഗസറ്റിലും 2732-ാം നമ്പർ കേരള അസാധാരണ ഗസറ്റിലും യഥാക്രമം പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി.

5. 2013-ലെ 47-ാം നമ്പർ ഓർഡിനൻസ്, 2013-ലെ 48-ാം നമ്പർ ഓർഡിനൻസ്, 2013-ലെ 49-ാം നമ്പർ ഓർഡിനൻസ് എന്നിവയ്ക്കുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. അബ്ദു റബ്ബ്.

(ശരിത്തർജ്ജമ)

## 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (1974-ലെ 17)

** ** **

6. സർവ്വകലാശാലയിൽ എല്ലാ വർഗ്ഗക്കാർക്കും മതക്കാർക്കും പ്രവേശനമുണ്ടെന്ന്.—(1) ** ** **

** ** **

(2) സർവ്വകലാശാലയുടെ കീഴിലുള്ള ഓരോ ഡിപ്പാർട്ടുമെന്റിലേയും ഏതെങ്കിലും വകുപ്പിലോ വിഭാഗത്തിലോ ഉള്ള തസ്തികകളിൽ നിയമനങ്ങൾ നടത്തുമ്പോൾ അതതുസമയം ഭേദഗതി ചെയ്തപ്രകാരമുള്ള 1958-ലെ കേരള സംസ്ഥാന സബോർഡിനേറ്റ് സർവ്വീസും ചട്ടങ്ങളിലെ 14-ാം ചട്ടം (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17 എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും വേണ്ടവിധം ഭേദഗതി ചെയ്ത് സർവ്വകലാശാല പാലിക്കേണ്ടതാണ്.

** ** **

** ** **

8

## 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1975-ലെ 5)

** ** **

6. സർവ്വകലാശാലയിൽ എല്ലാ വർഗ്ഗക്കാർക്കും മതക്കാർക്കും പ്രവേശനമുണ്ടെന്ന്.—(1) ** ** **

** ** **

(2) സർവ്വകലാശാലയുടെ കീഴിലുള്ള ഓരോ ഡിപ്പാർട്ടുമെന്റിലെയും ഏതെങ്കിലും വകുപ്പിലോ വിഭാഗങ്ങളിലോ ഉള്ള തസ്തികകളിലോ അഥവാ സർവ്വകലാശാലയിലെ അദ്ധ്യാപകരല്ലാത്ത ജീവനക്കാരുടെ തസ്തികകളിലോ നിയമനങ്ങൾ നടത്തുമ്പോൾ അതതുസമയം ഭേദഗതി ചെയ്ത പ്രകാരമുള്ള 1958-ലെ കേരള സംസ്ഥാന സർവ്വീസും സബോർഡിനേറ്റ് സർവ്വീസും ചട്ടങ്ങളിലെ 14-ാം ചട്ടം (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17 എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും ആവശ്യമുള്ള ഭേദഗതികളോടുകൂടി സർവ്വകലാശാല പാലിക്കേണ്ടതാണ്.

** ** **

** ** **

17. സെനറ്റ്.—സെനറ്റിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

**ഔദ്യോഗികനിലയിലുള്ള അംഗങ്ങൾ**

** ** **

**തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ**

** ** **

** ** **

**മറ്റംഗങ്ങൾ**

(1) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാല പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഹൈസ്ക്കൂളുകളിലെ രണ്ട് ഹെഡ്മാസ്റ്റർമാരും സ്കൂളുകളിലെ രണ്ട് അദ്ധ്യാപകരും.

(2) ** ** **

(3) ** ** **

(4) ** ** **

(5) വിവരസാങ്കേതിക ജൈവ-സാങ്കേതിക വിദ്യാ രംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാലിൽ കവിയാത്ത വിദഗ്ദ്ധർ.

18. സെനറ്റിന്റെ പുനസംഘടന.—(1) നാലു വർഷത്തിലൊരിക്കൽ സെനറ്റ് പുനസംഘടിപ്പിക്കേണ്ടതാണ്.

(2) ** ** **

(3) ഔദ്യോഗിക നിലയിലുള്ള അംഗങ്ങളൊഴികെ സെനറ്റിലെ ഏതൊരംഗവും ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി സെനറ്റ് അടുത്ത പ്രാവശ്യം പുനസംഘടിപ്പിക്കുന്നതുവരെ സ്ഥാനം വഹിക്കേണ്ടതാകുന്നു;

** ** **

** ** **

എന്നുമാത്രവുമല്ല 17-ാം വകുപ്പിലെ "തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിലുള്ള (12)-ാം ഇനത്തിൽ പരാമർശിച്ചിട്ടുള്ള ഒരംഗത്തിന്റെയോ ആ വകുപ്പിലെ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിലുള്ള (4)-ാം ഇനത്തിൽ പരാമർശിച്ചിട്ടുള്ള ഒരംഗത്തിന്റെയോ ഔദ്യോഗിക കാലാവധി, അതതു സംഗതിപോലെ, അദ്ദേഹത്തെ തിരഞ്ഞെടുക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്ത തീയതി മുതൽ ഒരു വർഷമായിരിക്കുന്നതാണ്.

** ** **

## 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
(1985-ലെ 12)

** ** **

11. പ്രോ-വൈസ് ചാൻസലർ.—(1) ** ** **

(2) ** ** **

(3) ** ** **

(4) വൈസ്ചാൻസലറുടെ നിയമനകാലാവധി അവസാനിക്കുന്നതോടൊപ്പം പ്രോ-വൈസ് ചാൻസലറുടേതും അവസാനിക്കുന്നതാണ്.

** ** **

** ** **

78. നിയമനങ്ങൾ സംവരണം ചെയ്യുന്നത്.—സർവ്വകലാശാലയുടെ കീഴിലുള്ള ഏതെങ്കിലും വിഭാഗത്തിലോ അല്ലെങ്കിൽ കാറ്റഗറിയിലോ ഉള്ള തസ്തികകളിലോ അല്ലെങ്കിൽ സർവ്വകലാശാലയിലെ അദ്ധ്യാപകേതര ജീവനക്കാരുടെ തസ്തികകളിലോ നേരിട്ട് നിയമനം നടത്തുമ്പോൾ സർവ്വകലാശാല 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14-ാം ചട്ടം (എ)-യും (ബി)-യും (സി)-യും ഖണ്ഡങ്ങളിലേയും 15-ഉം 16-ഉം 17-ഉം 17എ-ഉം ചട്ടങ്ങളിലെയും വ്യവസ്ഥകൾ ആവശ്യമായ ഭേദഗതിയോടുകൂടി പാലിക്കേണ്ടതാണ്.

** ** **

11

## 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗം
(1994-ലെ 5)

** ** **

32. നിയമനങ്ങളിലെ സംവരണം.—സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളിലേക്കും നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖാന്തിരം നിയമനം നടത്തുമ്പോൾ, സർവ്വകലാശാല അതതുസമയം ഭേദഗതി ചെയ്ത പ്രകാരമുള്ള 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ പ്രസക്തമായ സംവരണ ചട്ടങ്ങൾ, ആവശ്യമായ മാറ്റങ്ങളോടുകൂടി, പാലിക്കേണ്ടതാണ്.

** ** **

## 2005-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
(2005-ലെ 27)

** ** **

4. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.—(1) ** ** **

** ** **

(2) ** ** **

(3) സർവ്വകലാശാലയുടെ കീഴിലുള്ള ഓരോ വകുപ്പിലേയും ഏതെങ്കിലും തരത്തിലോ വിഭാഗത്തിലോ ഉള്ള സ്ഥിരമായോ താൽക്കാലികമായോ സൃഷ്ടിക്കുന്ന ആറുമാസക്കാലയളവിൽ അധികരിക്കുന്ന തസ്തികകളിലേക്കോ സർവ്വകലാശാലയുടെ അദ്ധ്യാപകേതര ജീവനക്കാരുടെ സ്ഥിരം തസ്തികകളിലേക്കോ നേരിട്ട് നടത്തുന്ന നിയമനത്തിൽ, കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരമുള്ള 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളുടെ 14-ാം ചട്ടം (എ), (ബി), (സി) ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17 എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും ആവശ്യമുള്ള ഭേദഗതികളോടുകൂടി സർവ്വകലാശാല പാലിക്കേണ്ടതാണ്:

എന്നാൽ, മേൽപ്പറഞ്ഞത് കൂടാതെ തസ്തികയുടെ മൂന്നു ശതമാനംകൂടി അംഗവൈകല്യമുള്ളവർക്ക് സംവരണം ചെയ്യേണ്ടതാണ്.

** ** **

** ** **